Madhyamam 26-10-18, p-13

# തീരം കീഴടക്കി കൂർക്ക കൃഷി



**പുന്നയൂർക്കുളം:** പ്രളയത്തെ അതിജീവിച്ച് തീരമേഖലയിൽ കൂർക്ക കൃഷി വിജയം. പുന്നയൂർക്കുളം പഞ്ചായത്തിൽ മികച്ച കർഷകനുള്ള പുരസ്കാരം നിരവധി തവണ സ്വന്തമാക്കിയ പെരിയമ്പലത്ത് കളത്തിങ്കൽ കുഞ്ഞുമോനാണ് കൂർക്ക കൃഷിയിൽ നൂറുമേനി വിജയം കൊയ്തത്. പെരിയമ്പലം ക്ഷേത്രത്തിനു സമീപത്തെ ദേശീയപാതയുടെ പടിഞ്ഞാറ് ഭാഗത്താണ് അദ്ദേഹത്തിൻെറ കൃഷിയിടം. പഞ്ചായത്തിൻെറ പരിധിയിൽ തന്നെ വ്യത്യസ്ത ഇടങ്ങളിൽ കൂർക്ക, മരച്ചീനി മുതലായ വിളകൾ കുഞ്ഞുമോൻ കൃഷി ചെയ്തുവരുന്നുണ്ട്. ജൈവ വളമിട്ടുള്ള കൃഷി രീതിയാണ് കുഞ്ഞുമോൻ തുടരുന്നത്. ജില്ലയിൽ ചാവക്കാട്, കൊടുങ്ങല്ലൂർ തീരമേഖലയിലാണ് കൂർക്ക കൃഷി വ്യാപകമായി നടക്കുന്നത്. ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കൂർക്കയേക്കാൾ നാടൻ കൂർക്കക്കാണ് വിപണിയിൽ ആവശ്യക്കാരേറെ. തൊലി കളയാനുള്ള ബുദ്ധിമുട്ട് നാടൻ ജൈവ കൂർക്കക്ക് ഒട്ടുമില്ലെന്നാണ് കർഷകർ പറയുന്നത്.

*അണ്ടത്തോട് പെരിയമ്പലത്ത് കളത്തിങ്കൽ കുഞ്ഞുമോൻെറ കൂർക്ക കൃഷി വിളവെടുപ്പ്*